&

(ഇ) കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചവർ എന്ന നിലയിൽ ഇവർക്ക് ലഭിക്കാനുള്ള ഓണറേറിയം, ഇൻസെന്റീവ് കുടിശ്ശികകൾ സമയബന്ധിതമായി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

2021 ജൂൺ വരെയുള്ള ഓണറേറിയവും, കോവിഡ് ഇൻസെന്റീവും, ഫിക്സഡ് ഇൻസെന്റീവും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ ആശാ വർക്കർമാർക്കുള്ള ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ തസ്തിക സൃഷ്ടിക്കൽ

225 (4950) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്; ഇതിന്റെ ഭാഗമായി എത്ര തസ്തികകളാണ് അധികമായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് ഘട്ടങ്ങളിലായി 886 ആരോഗ്യ സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾക്കായി നാളിതുവരെ 1830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ വിവിധ വിഭാഗങ്ങളിലായി 1200 തസ്തിക സൃഷ്ടിക്കാൻ ഉത്തരവായിട്ടുണ്ടോ; ഓരോ വിഭാഗത്തിലും ഏതെല്ലാം തസ്തികകൾ, എത്രയെണ്ണം വീതമാണ് സൃഷ്ടിക്കുക എന്ന് വിശദമാക്കുമോ?

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 1200 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടം എന്ന നിലയിൽ താഴെ പറയുന്ന 300 തസ്തികകൾ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ് - 204 ഫാർമസിസ്റ്റ് - 52 ക്ലാർക്ക് - 42 ഓഫീസ് അറ്റൻഡന്റ് - 2

LIBRARY ARCHIVES Kerala Legislative Assembly